"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിൽ അക്കൗണ്ട്സ് ഓഫീസറുടെ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് ഇന്റർവ്യൂ നടത്തുന്നതിന് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ വകുപ്പ് (ഡി.ഡി.) വകുപ്പ്**

സ.ഉ.(സാധാ) നം.1132/2026/LSGD തീയതി,തിരുവനന്തപുരം, 17-06-2026

---

പരാമർശം:- 1. 19/01/2026-ലെ സ.ഉ.(കൈ) 30/2026/LSGD നമ്പർ ഉത്തരവ്

2. കേരള സൊസൈറ്റി ഫോർ സോഷ്യൽ ഓഡിറ്റ് ഡയറക്ടറുടെ 05/06/2026-ലെ 34/KSSA/Estt/2026 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി രൂപീകരിച്ച കേരള സൊസൈറ്റി ഫോർ സോഷ്യൽ ഓഡിറ്റ് (KSSA)-ന്റെ പ്രവർത്തനങ്ങൾ മറ്റ് പദ്ധതികളിലേക്കും വ്യാപിപ്പിച്ച സാഹചര്യത്തിൽ, ഭരണനിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായി, പുതിയ തസ്തികകൾ സൃഷ്ടിക്കാതെ തന്നെ മതിയായ യോഗ്യതയും പ്രാവീണ്യവുമുള്ള ഒരു അക്കൗണ്ട്സ് ഓഫീസറെയും ഒരു എം.ഐ.എസ് എക്സ്പെർട്ടിനെയും കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത അക്കൗണ്ട്സ് ഓഫീസർ തസ്തികയിലെ ഒഴിവ് നികത്തുന്നതിനായി പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ചുരുക്കപ്പട്ടിക ലഭ്യമാക്കിയിട്ടുണ്ടെന്നും ടി ചുരുക്കപ്പട്ടികയിലുള്ള ഉദ്യോഗാർത്ഥികൾക്കായി ഇന്റർവ്യൂ നടത്തുന്നതിന് ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകണമെന്നും പരാമർശം (2) പ്രകാരം KSSA ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. കേരള സൊസൈറ്റി ഫോർ സോഷ്യൽ ഓഡിറ്റ് ഡയറക്ടറുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുമതി നൽകിയ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്ക് പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമായ ചുരുക്കപ്പട്ടികയിലുള്ള ഉദ്യോഗാർത്ഥികൾക്കായി ഇന്റർവ്യൂ നടത്തുന്നതിന് ചുവടെ പറയുന്നവരെ അംഗങ്ങളാക്കി കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1 ) ഡോ. എൻ. രമാകാന്തൻ, ഡയറക്ടർ, Kerala Society For Social Audit (KSSA), തിരുവനന്തപുരം - ചെയർമാൻ.

2 ) ശ്രീമതി ഷൈനി വി. എൻ. , സീനിയർ ഫിനാൻസ് ഓഫീസർ, പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. - മെമ്പർ.

3) ശ്രീ. സി. യു. അഭിലാഷ്, ഫിനാൻസ് മാനേജർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, തിരുവനന്തപുരം. - മെമ്പർ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കേരളാ സോഷ്യൽ ഓഡിറ്റ് യൂണിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം. മാനേജിംഗ് ഡയറക്ടർ , കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, തിരുവനന്തപുരം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീമതി ഷൈനി വി. എൻ. , സീനിയർ ഫിനാൻസ് ഓഫീസർ, പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ. സി. യു. അഭിലാഷ്, ഫിനാൻസ് മാനേജർ, കേരള ബിവറേജസ് കോർപ്പറേഷൻ, തിരുവനന്തപുരം. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ഐ&പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 18-06-2026 11:19:08
സെക്ഷൻ ഓഫീസർ

പകർപ്പ്: പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്